POINT OF ORDER REGARDING QUESTIONS AND ANSWERS.

MR. K. RAMACHANDRAN : സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ഇന്നത്തെ അജൻറായിൽ ഉത്തരം പറയാൻ സമയം കിട്ടാത്തതായ ചോദ്യങ്ങൾ നാളത്തെ അജൻറായിൽ കൂടി ഉൾപ്പെടുത്തി അതിനു മുൻ ഗണന കൊടുക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

MR. PRESIDENT : ഇന്നത്തെരം പറയാൻ സാധിക്കാത്ത ചോദ്യങ്ങൾ കെല്ലാം ഉത്തരം മേശപ്പുറത്ത് വയ്ക്കുകയാണു പതിവ്. ആവശ്യമുള്ള മെമ്പറന്മാർ സെക്രട്ടറിയുടെ മേശപ്പുറത്തു വച്ചിരിക്കുന്ന ഉത്തരങ്ങൾ നോക്കാവുന്നതാണ്.

ADJOURNMENT MOTION.

MR. PRESIDENT : എനിക്ക് അടുത്തതായി ഈ സഭയെ അറിയിക്കാനുള്ളതു് അടിയന്തിരപ്രമേയങ്ങളെപ്പറ്റിയാണ്. രണ്ടു് അടിയന്തിരപ്രമേയങ്ങൾക്കു് നോട്ടീസു തന്നിട്ടുണ്ടു്. അതിൽ ഒന്നു് മിസ്റ്റർ ആൻറണി എലിയാസിൻറേയും മറ്റേതു് മി. റവി. എ. മൈതീൻകുഞ്ഞിൻറേയുമാണു്. അതിൽ ആദ്യത്തേതു് ഞാൻ ഇവിടെ വായിക്കാം.

MR. ELIAS ANTONY ; "I beg leave to move that the business of the House be adjourned for the purpose of discussing a definite matter of urgent public importance, namely, the unrest and panic created in the minds of the general public and particularly the guardians of the school-going children in South Travancore consequent on the impending strike and Satyagraha by the South Travancore Catholic Primary School teachers due to the non-payment of their legitimate pay and allowances as per rules under the Travancore Education Act and usual leave privileges as provided for in that Department."

The motion speaks of an impending strike. So, the strike has not actually taken place. "A comparatively distant future event is not urgent. It should be of recent occurrence and raised without delay. If the matter is not raised at the earliest opportunity, it fails in urgency." (May's Parliamentary Practice, 14th Edition, page 345). This motion is ruled out of order.

മിസ്റ്റർ മൈതീൻ കുഞ്ഞിൻറെ പ്രമേയവും ഞാൻ ഇവിടെ വായിക്കാം;—

"നെയ്യാറിൻകര മരുതത്തൂർ എന്ന സ്ഥലത്തു് ഒക്ടോബർ 15 ൽ ഹരിജൻ വീട്ടുകാരെ പോലീസ് സഹായത്തോടുകൂടി കുടിയിറക്കിയതു മൂലം ആവിർഭവിച്ചിരിക്കുന്ന അടിയന്തിരവും പൊതുപ്രാധാന്യവുമുള്ള വ്യക്തമായ സംഗതികളെപ്പറ്റി വാദപ്രതിവാദം നടത്തുന്നതിനായി സഭാനടപടികൾ മാറ്റിവയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു."

LIBRARY ARCHIVES Kerala Legislative Assembly